"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മരിയാപുരം ഐ.റ്റി.ഐ. ഫർണിച്ചർ പ്രൊഡക്ഷൻ യൂണിറ്റ് നിർമ്മിത തടി ഫർണിച്ചർ ഉൽപ്പന്നങ്ങൾക്ക് നിയന്ത്രിത ടെൻഡർ ഇളവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.28/2025/PPAD തീയതി,തിരുവനന്തപുരം, 23-04-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം.145/2023/എസ്.പി.ഡി. തീയതി.14.12.2023.

2. 20.12.2024-ലെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ SCDD/3872/2022-T3 (TECH) നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ വേണ്ടി വരുന്ന തടി ഫർണിച്ചറുകൾ മറ്റ് ഏജൻസികളിൽ നിന്നും വാങ്ങുന്നതിന് പകരം സമാന ഉൽപ്പന്നങ്ങൾക്ക് പൊതു വിപണിയിലുള്ള വിലയുടെ ഏറ്റവും താഴ്ന്ന നിരക്കിൽ മരിയാപുരം ഐ.റ്റി.ഐ. ഫർണിച്ചർ പ്രൊഡക്ഷൻ യൂണിറ്റിൽ നിന്ന് ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ നേരിട്ട് സംഭരിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് അനുമതി നൽകിയിരുന്നു.

2. പ്രസ്തുത ഉത്തരവിന്റെ സാധുത 13/12/2024-ന് അവസാനിച്ച സാഹചര്യത്തിൽ, ഇളവ് കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം (2)-ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾ, എം.ആർ.എസ്.കൾ, ഐ.റ്റി.ഐ.കൾ, പ്രസ്തുത വകുപ്പുമായി ബന്ധപ്പെട്ട മറ്റ് ഓഫീസുകൾ എന്നിവിടങ്ങളിൽ മാത്രം, ആവശ്യം വരുന്ന തടി ഫർണിച്ചറുകൾ, സമാന ഉൽപ്പന്നങ്ങൾക്ക് പൊതുവിപണിയിലുള്ള വിലയുടെ ഏറ്റവും താഴ്ന്ന നിരക്കിൽ മാത്രമേ വിപണനം നടത്താവൂ എന്ന നിബന്ധനയ്ക്ക് വിധേയമായി, മരിയാപുരം ഐ.റ്റി.ഐ. ഫർണിച്ചർ പ്രൊഡക്ഷൻ യൂണിറ്റിൽ നിന്ന് ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ നേരിട്ട് സംഭരിക്കുന്നതിന്, സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 ൽ നിന്ന്, ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SABIN JOSE

ജോയിന്റ് സെക്രട്ടറി

പകർപ്പ് :-

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ് (ഫയൽ നം.SCSTDD-A1/5/2025-SCSTDD പ്രകാരം).

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ